# ലേബർ കമ്മീഷണറുടെ നടപടിക്രമം
## (ഹാജർ: ഡോ.ചിത്ര.എസ്, ഐ.എ.എസ്)

വിഷയം :- തൊഴിൽ വകുപ്പ് - ജീവനക്കാര്യം-ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

വായന :-
1. 28/05/2021 തീയതിയിലെ ഇ(1)-14033/2020 നമ്പർ നോട്ടിഫിക്കേഷൻ.
2. ജി.ഒ.(ആർ.ടി) നമ്പർ. 987/2021/തൊഴിൽ തീയതി. 17.08.2021
3. ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ 27.01.2021 തീയതിയിലെ എഇ/1426/2021 കത്ത്.

## ഉത്തരവ് നമ്പർ. ഇ(1)2915/2021 തിരുവനന്തപുരം,തീയതി: 08/09/2021

പത്തനംതിട്ട ഡെപ്യൂട്ടി ലേബർ ഓഫീസർ ശ്രീ.ഷൈജേഷ്.എൻ.വി -ക്ക് വായന(2) പ്രകാരം, ജില്ലാ ലേബർ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതുവഴി ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. മേൽ ഒഴിവുകളിലേക്ക് വായന (1) ലെ വിജ്ഞാപനത്തിൽ നിന്നും, 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ജനറൽ റൂൾ 28 (ബി) (i) പ്രകാരം 55200-115300 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം റെഗുലർ ബേസിസിൽ സ്ഥാനക്കയറ്റവും വായന (3) പ്രകാരമുള്ള അപേക്ഷ പ്രകാരം സ്ഥലംമാറ്റവും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**സ്ഥലംമാറ്റം**

| നമ്പർ | പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന ആഫീസ് | സ്ഥലം മാറ്റി നിയമിക്കുന്ന ആഫീസ് | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ.സുരാജ്.എസ്<br>ഡെപ്യൂട്ടി ലേബർ ഓഫീസർ,<br>ആലപ്പുഴ | ഡെപ്യൂട്ടി ലേബർ ഓഫീസർ, പത്തനംതിട്ട | പത്തനംതിട്ട ഡെപ്യൂട്ടി ലേബർ ഓഫീസർ ശ്രീ.ഷൈജേഷ്.എൻ.വി-ക്ക് വായന (2) പ്രകാരം കാസർഗോഡ് ജില്ലാ ലേബർ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുവഴിയുണ്ടായ ഒഴിവിൽ വായന (3) ലെ അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു. |

**സ്ഥാനക്കയറ്റം**

| നമ്പർ | പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന ആഫീസ് | സ്ഥാനക്കയറ്റം നൽകുന്ന, തസ്തിക ആഫീസ് | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ. സി.സുരേഷ്കുമാർ<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്-I,<br>കൊല്ലം | ഡെപ്യൂട്ടി ലേബർ ഓഫീസർ, ആലപ്പുഴ | ആലപ്പുഴ ഡെപ്യൂട്ടി ലേബർ ഓഫീസർ ശ്രീ.സുരാജ്.എസ്-ന് പത്തനംതിട്ട ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചതുവഴിയുണ്ടായ ഒഴിവിൽ ആലപ്പുഴ ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

നിയന്ത്രണാധികാരികൾ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കേണ്ടതും ചുമതലാക്രമീകരണം നടത്തി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും/നിയന്ത്രണാധികാരികൾക്കും(വെബ് സൈറ്റ്/ഇ-മെയിൽ മുഖാന്തിരം)

1. അക്കൗണ്ടന്റ് ജനറൽ എ)&ഇ(, കേരള, തിരുവനന്തപുരം.
2. ലേബർ കമ്മീഷണറുടെ പി.എ.
3. അഡീഷണൽ ലേബർ കമ്മീഷണർ (ഡബ്ല്യൂ/ഇ/ആർ.ഐ)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
6. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം,
7. ജില്ലാ ലേബർ ഓഫീസ്, കൊല്ലം,ആലപ്പുഴ,പത്തനംതിട്ട
8. സീനിയർ സൂപ്രണ്ട് (ഇ)
9. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട് (ഇ)